Vol-1,N0:26
13-10-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. സീറോമലബാർ സഭ വൈദിക പരിശീലനം പരിഷ്കരിക്കുന്നു.
02. സമ്പൂർണ മദ്യനിരോധനം: സർക്കാർ നിലപാട് വ്യക്തമാക്കണം.
03. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകാൻ കേന്ദ്ര പദ്ധതി.
04. മോഷണക്കുറ്റമാരോപിച്ച് ഗർഭിണിയെ നടുറോഡിൽ വിവസ്ത്രയാക്കി മർദിച്ചു.
05. കേരളത്തിന്റെ മനോനില തെറ്റുന്നു.
06. ജില്ലയിൽ മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നു.
07. അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകും.

### 01. സീറോമലബാർ സഭ വൈദിക പരിശീലനം പരിഷ്കരിക്കുന്നു (Mangalam 10-10-2007)

ഭാരതീയ സംസ്കാരത്തിനും ആരാധനാരീതിക്കും അനുയോജ്യമായ വിധത്തിൽ വൈദികപരിശീലനം നൽകാനുള്ള പദ്ധതിക്ക് സീറോ മലബാർ സഭ രൂപം നൽകി. പരിശീലനത്തിന്റെ മാർഗ്ഗരേഖ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പുറത്തിറക്കി. ഈ മാർഗരേഖയനുസരിച്ചായിരിക്കും സഭയിലെ എല്ലാ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതും പരിശീലിപ്പിക്കുന്നതും. വൈദികർക്കുള്ള തുടർ പരിശീലന പദ്ധതിയുടെ പ്രസക്തിയും പ്രയോഗിക നിർദേശങ്ങളും മാർരേഖയും വ്യക്തമാക്കുന്നുണ്ട്.

ദാരിദ്ര്യം, ലളിതജീവിതം എന്നിവയിലൂന്നിയുള്ള വൈദിക വൃത്തിയിൽ കൂടുതൽ കാരുണ്യപ്രവർത്തനങ്ങൾ ഉൾപ്പെടുത്തും. പിന്നോക്കക്കാർ,രോഗികൾ, ദരിദ്രർ എന്നിവരെ കൂടുതൽ ശ്രദ്ധിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കും അജപാലന ശുശ്രൂഷയിൽ ഉയർന്ന പരിഗണന നൽകണമെന്നും മാർഗരേഖ നിർദേശിക്കുന്നു. ജയിൽ മിനിസ്ട്രി, ആശുപത്രികൾ, ചേരി സന്ദർശനം, വൃദ്ധരുടെയും അനാഥരുടെയും പരിപാലനം എന്നിവയ്ക്ക് ഊന്നൽ നൽകണം. കാലഘട്ടത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സഭയേയും സമൂഹത്തേയും ആധുനീക ലോകത്തിൽ നയിക്കാൻ കഴിയുന്ന വൈദികരെ വാർത്തെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2001-ൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ചെയർമാനായുള്ള കമ്മിറ്റിയാണ് പരിശീലന പദ്ധതി തയ്യാറാക്കുന്നതിനു തുടക്കമിട്ടത്. വിവിധ കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾ 2003, നവംബറിൽ ചേർന്ന സിനഡ് ചർച്ച ചെയ്തു. 2007-ലെ സിനഡ് മാർഗരേഖയ്ക്ക് അനുമതി നൽകി. മാർ ജെയിംസ് പഴയാറ്റിൽ ചെയർമാനും മാർ തോമസ് ചക്യാത്ത്, മാർ ലോറൻസ് മുക്കുഴി എന്നിവർ വൈസ് ചെയർമാൻമാരുമായുള്ള കമ്മീഷനാണ് മാർഗരേഖ തയ്യാറാക്കിയത്.

### 02. സമ്പൂർണ മദ്യനിരോധനം: സർക്കാർ നിലപാട് വ്യക്തമാക്കണം. (Mathrubhumi 10-10-2007)

1950-ലെ ട്രാവൻകൂർ കൊച്ചി പ്രൊഹിബിഷൻ ആക്ടിന്റെ 1960-ലെ ഭേദഗതിപ്രകാരവും സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന സമ്പൂർണ മദ്യനിരോധനം പുന:സ്ഥാപിക്കണമെന്നും കേരള അബ്കാരി നിയമവും ഭേദഗതികളും ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമായി പ്രഖ്യാപിക്കണമെന്ന് അവശ്യപ്പെടുന്ന ഹർജിയിൽ സർക്കാരിന് നോട്ടീസ് അയക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. പോൾ കാരാച്ചിറയാണ് ഹർജിക്കാരൻ. ഹർജി പരിഗണിച്ച ചീഫ് ജസ്റ്റിസ് കെ.ടി ശങ്കരനുമടങ്ങുന്ന ഡിവിഷൻ ബഞ്ച് നാലാഴ്ചയ്ക്കകം നിലപാട് വ്യക്തമാക്കാൻ നിർദേശിച്ചു. മദ്യം മരുന്നിനു മാത്രമേ ഉപയോഗിക്കാവൂവെന്നും

ഘട്ടം ഘട്ടമായി രാജ്യത്തു മദ്യനിരോധനം പൂർണമായി നടപ്പാക്കണമെന്നും ഭരണഘടനയുടെ മാർഗ്ഗനിർദേശത്തിൽ അനുശാസിക്കുന്നുണ്ട്. ട്രാവൻകൂർ-കൊച്ചി പ്രൊഹിബിഷൻ നിയമപ്രകാരം 1950-ൽ മദ്യനിരോധനം നടപ്പാക്കുകയും ചെയ്തു. 1960-ലെ ഭേദഗതിപ്രകാരം കേരളം മുഴുവൻ അതു ബാധകമായിരുന്നു. എന്നാൽ 1967-ൽ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം മദ്യനിരോധന നിയമങ്ങൾ സർക്കാർ സസ്പെൻഡ് ചെയ്യുകയായിരുന്നു.

03. **ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ കേന്ദ്ര പദ്ധതി**

(Malayala Manorama 10-10-2007)

ഇടക്കാല തിരഞ്ഞെടുപ്പിനെപ്പറ്റി അഭ്യൂഹങ്ങൾ ഉയരുന്നതിനിടെ 15 ലക്ഷത്തോളം ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള പദ്ധതി കേന്ദ്ര സർക്കാർ തയാറാക്കുന്നു. 2007-2008 ൽ 75,000 വിദ്യാർത്ഥികൾക്കായി 100 കോടി രൂപ വിതരണം ചെയ്യാനാണ് ആലോചന. പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ (2007-2012) ഉൾപ്പെടുത്തി നടപ്പാക്കുന്ന സ്കോളർഷിപ് വിതരണത്തിന് മൊത്തം ചെലവ് കണക്കാക്കുന്നതിന് 1998.74 കോടി രൂപയാണെന്ന് ആസൂത്രണ കമ്മിഷൻ വൃന്ദങ്ങൾ പറഞ്ഞു. പത്താം ക്ലാസ് മുതൽ പി. എച്ച്. ഡി വരെയുള്ള വിദ്യാർത്ഥികൾക്കാണ് പഠന വേതനം. പ്രതിമാസം 140 രൂപ മുതൽ വർഷം 10,000വരെ. രക്ഷിതാക്കളുടെ വാർഷിക വരുമാനം രണ്ടു ലക്ഷത്തിൽ കവിയാൻ പാടില്ല. 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. സ്കോളർഷിപ്പിൽ 30% പെൺകുട്ടികൾക്കായി മാറ്റിവയ്ക്കാനാണ് നിർദേശം. 2001 -ലെ സെൻസസ് അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരുടെ കുട്ടികൾക്കാണ് സ്കോളർഷിപ്പ്. സംസ്ഥാന സർക്കാരുകൾ മുഖേന പൂർണമായും കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പാക്കും.

04. **മോഷണക്കുറ്റമാരോപിച്ച് ഗർഭിണിയെ നടുറോഡിൽ വിവസ്ത്രയാക്കി മർദ്ദിച്ചു.**

(Mathrubhumi 08-10-2007)

കുഞ്ഞിന്റെ സ്വർണ്ണപ്പാദസരം കാണാതായ സംഭവത്തെത്തുടർന്ന് ഗർഭിണിയടക്കമുള്ള രണ്ടു നാടോടിസ്ത്രീകളെ ജനം ആക്രമിച്ചു. ഉടുവസ്ത്രങ്ങൾ വലിച്ചുപറിച്ച് മുക്കാൽ മണിക്കൂറോളം നടുറോഡിലിട്ടു മർദ്ദിച്ച സ്ത്രീകളെ പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉച്ചയ്ക്ക് രണ്ടുമണിക്ക് എടപ്പാൾ അങ്ങാടിയിൽ വെച്ചാണ് സംഭവം. ചേകന്നൂരിൽ നിന്ന് എടപ്പാളിലെ ഫാൻസി കടയിലെത്തിയ വീട്ടമ്മയുടെ കൈകുഞ്ഞിന്റെ പാദസരം തിരക്കിൽ നഷ്ടപ്പെട്ടിരുന്നു. കടക്കാരും മറ്റും ചേർന്ന് തിരച്ചിൽ നടത്തുന്നതിനിടയിലാണ് കടയുടെ മുന്നിൽ രണ്ടു നാടോടിസ്ത്രീകളെയും മൂന്നു കുട്ടികളെയും കണ്ടത്. ആഭരണമോഷണം തൊഴിലാക്കിയ നാടോടിസ്ത്രീകളുടെ ശല്യം രൂക്ഷമായ സാഹചര്യത്തിലാണ് ഇവരെ പിടികൂടി ചോദ്യം ചെയ്തതെങ്കിലും കുറ്റം സമ്മതിച്ചില്ല. ഇതേത്തുടർന്ന് ജനകൂട്ടം ഇവരെ മർദ്ദിക്കുകയായിരുന്നു. സാരിയും പാവാടയും അഴിച്ച ശേഷം റോഡരികിലൂടെ ഇവരെ വലിച്ചിഴച്ചു. അമ്മയെ മർദ്ദിക്കുന്നത് കണ്ട് കുട്ടികൾ നിലവിളിയോടെ അക്രമികളുടെ കാലിൽ വീണുകരയുകയായിരുന്നു. ദേഹമാസകലം പരിശോധിച്ചിട്ടും ആഭരണം കിട്ടാതായിട്ടും മർദ്ദനം തുടർന്നു. 2.45 ഓടെയാണ് ചങ്ങരംകുളം പോലീസെത്തി ഇവരെ മോചിപ്പിച്ചത്. തുടർന്ന് പരാതിക്കാരായ സ്ത്രീയെയും കൂട്ടി പോലീസ്റ്റേഷനിലെത്തിച്ചു. നാടോടി സ്ത്രീകളെ വനിതാപോലീസിന്റെ സാന്നിധ്യത്തിൽ പരിശോധിച്ചെങ്കിലും ആഭരണം കണ്ടെത്താനായില്ല. പിന്നീട് പോലീസ് ഇവരെ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി വിട്ടയച്ചു.

സംഭവത്തെക്കുറിച്ചന്വേഷിച്ച് നടപടിയെടുക്കുമെന്ന് ജില്ലാ പോലീസ് സൂപ്രണ്ട് പി. വിജയൻ അറിയിച്ചു. തിരൂർ സി. വൈ. എസ്, വി.എം.കെ പുഷ്ക്കരന്റെയും പൊന്നാനി സി. ഐ. പി വിക്രമന്റെയും നേതൃത്വത്തിൽ അന്വേഷണമാരംഭിച്ചിട്ടുണ്ട്. നാലുജീവനക്കാരെ ചോദ്യം ചെയ്യാനായി കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കാൻ മുഖ്യമന്ത്രി നിർദേശം നൽകി.

05. **കേരളത്തിന്റെ മനോനില തെറ്റുന്നു** (Madhayamam 10-10-2007)

കേരളം ഭ്രാന്താലയം ആകുകയാണോ? അതേയെന്നാണ് കണക്കുകൾ പറയുന്നത്. കേന്ദ്ര സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം ഇന്ത്യയിൽ ലക്ഷത്തിൽ 132 പേർക്കാണ് മനോരോഗമുള്ളത്. കേരളത്തിൽ ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലേറെയാണ്. ലക്ഷത്തിൽ 283 പേർ. ഏഴുവർഷമായി ഇക്കാര്യത്തിൽ കേരളമാണ് രാജ്യത്ത് ഒന്നാമത്. ഇത്രയേറെ രോഗികളെ ചികിത്സിക്കാനുള്ള സൗകര്യം ഇവിടെയില്ലെന്നും പഠനങ്ങൾ പറയുന്നു. 2001-ലെ സെൻസസ് പ്രകാരം 3.20 കോടിയാണ് കേരളത്തിലെ ജനസംഖ്യ. ഇതിൽ 18.5 ലക്ഷം പേർ പലതരം മാനസിക പ്രശ്നങ്ങൾ ഉള്ളവരാണെന്ന് കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത്

ആൻഡ് ന്യൂറോ സയൻസ് നടത്തിയ പഠനം പറയുന്നു. ഇതിൽ ആറ് ലക്ഷം പേർ ഗുരുതര മാനസിക പ്രശ്നങ്ങൾ ഉള്ളവരും പന്ത്രണ്ട് ലക്ഷത്തിലധികം ലഘുമാനസിക പ്രശ്നങ്ങളുള്ളവരുമാണെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഡയറക്ടർ സുരേഷ്കുമാർ പറഞ്ഞു. ഉപഭോഗസംസ്കാരം വർദ്ധിച്ചതും അണുകുടുംബങ്ങളുടെയും പ്രവാസികളുടെയും എണ്ണം കൂടിയത് ഇതിൽ പ്രധാന കാരണമായി. അണുകുടുംബങ്ങളുടെ എണ്ണത്തിലും കേരളമാണ് മുന്നിൽ.

മനസിലുള്ളത് തുറന്നുപറയുവാനാവാതെ വീർപ്പു മുട്ടുന്നവരാണ് ഇത്തരം കുടുംബങ്ങളിൽ അധികവുമെന്ന് ഡോ. സുരേഷ്കുമാർ പറഞ്ഞു. കേരളത്തിലെ ആത്മഹത്യ നിരക്ക് ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടിയാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കു പ്രകാരം ആത്മഹത്യ ചെയ്യുന്നവരിൽ 18 ശതമാനം മനോരോഗികളാണ്. മാനസികാരോഗ്യ ചികിത്സാസൗകര്യങ്ങൾ വളരെ പരിമിതമാണെന്ന് മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ തെളിഞ്ഞു. മാനസിക പ്രശ്നമുള്ള 18.5 ലക്ഷം പേരെ ചികിത്സിക്കാൻ, സ്വകാര്യ മേഖലയിൽ എല്ലാം കൂടി 200-ൽ താഴെ വിദഗ്ധരാണുള്ളത്.

### 06. **ജില്ലയിൽ മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നു**. (Deepika 07-10-2007)

ജില്ലയിൽ മഞ്ഞപ്പിത്തബാധിതരുടെ എണ്ണം വർദ്ധിക്കുന്നു. ഈ മാസം 26 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയത്. ഈ വർഷം ജില്ലയിൽ 541 പേർക്കാണ് മഞ്ഞപ്പിത്തം ബാധിച്ചത്. കുന്നത്തുനാട്ടിൽ നിന്നാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത്. ഇവിടെ നിന്നും 13 പേരാണ് മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയ്ക്കെത്തിയത്. പിഴല, വരാപ്പുഴ, ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി മേഖലകളിൽ നിന്നും മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം കിഴക്കമ്പലത്തെ ഒരു സ്ഥാപനത്തിലെ ജോലിക്കാരിൽ മഞ്ഞപ്പിത്ത രോഗബാധ കണ്ടെത്തിയതിനെ തുടർന്ന് ആരോഗ്യവകുപ്പ് അധികൃതർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. എന്നാൽ ഇവരെല്ലാം മറ്റ് ജില്ലകളിൽ നിന്നുള്ളവരാണ്. ജില്ലയിൽ ഈ വർഷം 240 പേരാണ് ടൈഫോയിഡ് ബാധിച്ച് ചികിത്സ തേടിയത് മലേറിയ ബാധിതരുടെ എണ്ണം 65 ആണ്. എലിപ്പനി ബാധിതരായി 59 പേരാണുള്ളത്. മുളവുകാട്, മാലിപ്പുറം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നിവിടങ്ങളിലാണ് രോഗബാധ കൂടുതലായി കണ്ടെത്തിയത്. 14 പേർ എലിപ്പനി ബാധിച്ച് മരിക്കുകയുണ്ടായി. ജില്ലയിൽ മഞ്ഞപ്പിത്ത ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂവെന്ന് ആരോഗ്യവകുപ്പ് അധികൃതർ മുന്നറിയിപ്പ് നൽകി.

### 07. **അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകും**. (Deshabhimani10-10-2007)

കേരളത്തിൽ ജോലി ചെയ്യുന്ന സംസ്ഥാനത്തിനു പുറത്തു നിന്നുള്ള തൊഴിലാളികൾക്ക് ഒരു മാസത്തിനകം തിരിച്ചറിയൽ കാർഡ് നൽകുമെന്ന് ലേബർ കമ്മീഷണർ കെ. എസ് പ്രേമചന്ദ്രകുറുപ്പ് പറഞ്ഞു. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ ഉത്തര മേഖല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ ജില്ലകളിലെയും തൊഴിൽ വകുപ്പു ഉദ്യോഗസ്ഥർക്ക് അന്യസംസ്ഥാന തൊഴിലാളികളെ കുറിച്ചുള്ള വിവരങ്ങൾ ഉടൻ സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. രണ്ടു ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെന്നാണ് ഏകദേശ കണക്ക്. സംസ്ഥാനം തിരിച്ച് കണക്കെടുക്കാനാണ് നിർദേശം. ബംഗാൾ, ഒറീസ, ബിഹാർ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കേരളത്തിൽ കൂടുതലായും ജോലിയെടുക്കുന്നത്. കോൺട്രാക്ടർമാരുടെ കീഴിൽ പണിയെടുക്കുന്നവരും ജോലിതേടി നേരിട്ടു എത്തുന്നവരും ഇവരിൽ ഉണ്ട്.

കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമപദ്ധതി നടത്തിപ്പിനെ കുറിച്ച് യോഗം ചർച്ച ചെയ്തു. പദ്ധതിയനുസരിച്ച് മാസംതോറും തൊഴിലാളിയും തൊഴിലുടമയും 20 രൂപ വീതമാണ് നിക്ഷേപിക്കേണ്ടത്. വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, പ്രസവാനുകൂല്യം, പെൻഷൻ തുടങ്ങി എല്ലാ മേഖലകളിലും തൊഴിലാളികൾക്ക് സഹായമെത്തിക്കുന്നതാണ് പദ്ധതി. പദ്ധതിക്ക് കീഴിൽ വരുന്ന 10 ലക്ഷത്തോളം തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കുന്നത്. വരുന്ന മാർച്ചിനകം ഓരോ ജില്ലയിലും 25,000 പേരെയെങ്കിലും പദ്ധതിയിൽ അംഗമാക്കാനാണ് ലക്ഷ്യമിടുന്നത്. ബാലവേലയ്ക്കെതിരെ കർശന നടപടിയെടുക്കാനും ലേബർ കമ്മിഷണർ നിർദേശം നൽകി. പോലീസിന്റെ സഹായത്തോടെ വീടുകളിലും പരിശോധന നടത്തി നടപടിയെടുക്കും. കച്ചവടസ്ഥാപനങ്ങളിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് വ്യാപകമാണെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. മിക്ക സ്ഥാപനങ്ങളും ശരിയായ രജിസ്റ്റർ പോലും സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. മരിച്ചയാളുടെ കുടുംബത്തിനു ആറുമാസം കഴിഞ്ഞിട്ടും സഹായമെത്തിക്കാത്തതിനെ കമ്മീഷണർ വിമർശിച്ചു.